നം. എ.ബി 4-80221/2016/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 20/10/2016.

## സർക്കുലർ

വിഷയം:- സർക്കാർ ആശുപത്രികളിലും പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും ഭക്ഷ്യവസ്തുക്കൾ ടെണ്ടർ മുഖേന വാങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ – സംബന്ധിച്ച്

സൂചന:- 80221/16/ആവഡ നമ്പരായുള്ള 2017-18 സാമ്പത്തിക വർഷത്തെ ഭക്ഷ്യേതര സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള ദർഘാസ് പരസ്യം.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സർക്കാർ ആശുപത്രികളിലും പൊതുജനാരോഗ്യ കേന്ദ്രങ്ങളിലേക്കും രോഗികൾക്ക് കൊടുക്കേണ്ടതായ ഭക്ഷ്യ വസ്തുക്കൾ ടെണ്ടർ മുഖേന വാങ്ങുമ്പോൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഭക്ഷ്യ വിതരണത്തിനുള്ള ടെണ്ടർ ക്ഷണിക്കുന്ന സ്ഥാപനത്തിന്റെ മേലധികാരി ഇത് സംബന്ധിച്ച് വ്യക്തവും വിപുലവുമായ പരസ്യം നൽകേണ്ടതാണ്.
2. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനു മുൻപ് താലൂക്ക് തഹസിൽദാരിൽ നിന്നും ഭക്ഷണ സാധനങ്ങളുടെ നിരക്ക് വാങ്ങേണ്ടതാണ്. ഒരു കാരണവശാലും അധിക നിരക്ക് അംഗീകരിക്കാൻ പാടുള്ളതല്ല. വേണ്ടി വന്നാൽ സമയബന്ധിതമായി റീടെണ്ടർ ചെയ്യേണ്ടതാണ്.
3. പ്രസ്തുത നിരക്കിനേക്കാൾ അധികമായി വന്നാൽ നെഗോഷിയേറ്റ് ചെയ്ത് പ്രസ്തുത നിരക്കിലേക്ക് കൊണ്ടു വരുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ഭക്ഷണ സാധനങ്ങളുടെ നിരക്കുകൾ അംഗീകരിക്കുന്നതിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരെയും ഇതിനാൽ അറിയിക്കുന്നു.
5. ഏതെങ്കിലും കാരണവശാൽ ഈ നിർദ്ദേശങ്ങൾ ലംഘിച്ച് വർദ്ധിപ്പിച്ച നിരക്കുകളിൽ ഭക്ഷണ വിതരണം നടത്തിയാൽ ഇതു സംബന്ധിച്ചുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത പ്രസ്തുത ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതായിരിക്കും.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി